(5) ശ്രീ. എം.കെ. പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(6) ശ്രീ. ശശികുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(7) ശ്രീ. പി.ബി. സുനിൽകുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(8) ശ്രീ. എ. യേശുദാസൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(9) ശ്രീ. ബിനു മാത്യു, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(10) ശ്രീ. പി.പി. മുരളീധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(11) ശ്രീ. എം. ശശിധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(ബി) അച്ചടക്ക നടപടിയുടെ പ്രാരംഭമായി ഇവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും റെയിഞ്ചർമാരുടെയും നിയമനം

55 (328)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽനിന്നും 2000 ഏപ്രിൽ-മേയ് മാസങ്ങളിൽ എത്ര അഡീഷണൽ ഫോറസ്റ്റ് കൺസർവേറ്റർമാർ പെൻഷൻ പറ്റിയിട്ടുണ്ട്;

(ബി) ഇപ്രകാരമുള്ള ഒഴിവുകളിലേക്ക് 'എഫ്.എ. കാറ്റഗറി' യിലുള്ള എത്ര റെയിഞ്ചർമാർക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്;

(സി) റെയിഞ്ചർമാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി എടുക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ അഡീഷണൽ ഫോറസ്റ്റ് കൺസർവേറ്റർ എന്ന തസ്തിക നിലവിലില്ല. 2000 ഏപ്രിൽ-മേയ് മാസങ്ങളിൽ 5 അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള ഒഴിവുകളിലേയ്ക്ക് റെയിഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(സി) റെയിഞ്ചാഫീസർമാരുടെ 4 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും അതനുസരിച്ച് പി.എസ്.സി. അഡ്വൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly